Government of Kerala

KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION

No. KITE/2020/1234 (2) തീയതി : 16.03.2020

## സർക്കുലർ

**വിഷയം :- കൈറ്റ് - 2020-21 അധ്യയനവർഷത്തെ അവധിക്കാല അധ്യാപക പരിശീലനത്തിന് മുന്നോടിയായുള്ള അടിസ്ഥാന ഐസിടി പരിശീലനം ക്രമീകരിക്കുന്നതു സംബന്ധിച്ച നിർദേശങ്ങൾ പുറപ്പെടുവിക്കുന്നു.**

സൂചന:-
1. സർക്കാർ ഉത്തരവ് (സാധാ) നം.165/2018/പൊ.വി.വ തീയതി 10.01.18
2. സർക്കാർ ഉത്തരവ് (സാധാ)നം 804/2020/പൊ.വി.വ തീയതി 17.02.2020
3. സർക്കാർ ഉത്തരവ് (സാധാ)നം 1264/2020/പൊ.വി.വ തീയതി 11.03.2020
4. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 13.03.2020-ലെ ക്യൂ.ഐ.പി (1) 8016/2020/ഡിജിഇ നമ്പർ സർക്കുലർ.

കോവിഡ് 19 വൈറസ് ബാധയെ പ്രതിരോധിക്കുന്നതിനും അതിന്റെ വ്യാപനം തടയുന്നതിനുമായി 2020 മാർച്ച് 11 മുതൽ കേരളത്തിലെ വിദ്യാലയങ്ങളിലെ ഒന്നു മുതൽ ഏഴുവരെ ക്ലാസുകൾക്ക് പരീക്ഷകൾ ഒഴിവാക്കുകയും കുട്ടികൾക്കക്ക് അവധി നൽകുകയും ചെയ്ത പശ്ചാത്തലത്തിൽ സൂചന 3 സർക്കാർ ഉത്തരവിന്റെ തുടർച്ചയായി മാർച്ച് 31 വരെ അധ്യാപകർ നടത്തേണ്ട പ്രവർത്തനങ്ങൾ വിശദീകരിച്ച് സൂചന 4 പ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടർ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. സൂചന 2 സർക്കാർ ഉത്തരവ് പ്രകാരം കൈറ്റിന്റെ നേതൃത്വത്തിൽ അവധിക്കാലത്ത് ഇ-ക്യൂബ് ($E^3$) ഇംഗ്ലീഷ് പരിശീലനം നടത്തുവാനും നിർദ്ദേശമുണ്ട്.

സൂചന 4 പ്രകാരമുള്ള പൊതുവിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ ഉത്തരവിൽ ഐസിടി പരിശീലനത്തെക്കുറിച്ച് താഴെപ്പറയുംപ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്.

> **4) ഐ.സി.ടി.പരിശീലനത്തിനുള്ള സ്വയം തയ്യാറെടുപ്പ്**
>
> ഈ വർഷം ഒന്നുമുതൽ ഏഴുവരെ ക്ലാസുകളിലെ അദ്ധ്യാപകർക്ക് അവധിക്കാലത്ത് ഇ-ക്യൂബ് ഇംഗ്ലീഷുമായി ബന്ധപ്പെട്ട പരിശീലനം നൽകാൻ സ.ഉ(സാധാ)നം.804/2020/പൊ.വി.വ തീയതി: 17.02.2020 പ്രകാരം ഉത്തരവായിട്ടുണ്ട്. ഇതിന്റെ തുടർച്ചയായി ഐ.ടി.യിൽ പൊതുവായും സമഗ്രപോർട്ടൽ ഇ-ക്യൂബ് ഇംഗ്ലീഷ് എന്നിവയിൽ പ്രത്യേകമായും അഞ്ചു ദിവസത്തെ പരിശീലനം നൽകാൻ ഉദ്ദേശിക്കുന്നുണ്ട്. ഇതിൽ ആദ്യത്തെ ഭാഗം 30 മണിക്കൂർ ദൈർഘ്യം ഉള്ള (അഞ്ചു ദിവസം) ഓൺ ലൈൻ മൊഡ്യൂൾ ആയി അദ്ധ്യാപകർ അതതു സ്ക്കൂളിൽ നിന്നു തന്നെ പരിശീലിക്കണം. 2020 മാർച്ച് 18 മുതൽ 31 വരെയുള്ള കാലയളവിൽ അദ്ധ്യാപകർ അതതു സ്ക്കൂളുകളിൽ തന്നെ ഈ പരിശീലനത്തിൽ പങ്കെടുക്കാവുന്നതാണ്. ഈ മുപ്പതു മണിക്കൂർ ഐ.ടി. പരിശീലനത്തിന്റെ തുടർച്ചയാണ് അവധിക്കാല പരിശീലനം എന്നതിനാൽ ഇതുമായി ബന്ധപ്പെട്ട ഉൽപ്പന്നങ്ങളുടെ മൂല്യനിർണ്ണയം അവധിക്കാല പരിശീലനത്തിന്റെ പ്രീ ടെസ്റ്റ് ആയി നടത്തുന്നതാണ്. ഈ പരിശീലനങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ കൈറ്റ് സി.ഇ.ഒ നൽകുന്നതായിരിക്കും.

ഈ സാഹചര്യത്തിൽ $E^3$ ഇംഗ്ലീഷ് പരിശീലനത്തിന് കൂടി സഹായകമാകുന്ന വിധത്തിൽ ആവശ്യമായ ഐസിടി ശേഷികൾ അധ്യാപകർ മുൻകൂട്ടി ആർജിക്കുന്നതിനുള്ള പരിശീലനം 2020 മാർച്ച് 18 മുതൽ 31 വരെ 5 ദിവസങ്ങളിലായി നടത്താൻ തീരുമാനിച്ചിരിക്കുന്നു. ഇതു സംബന്ധിച്ച നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. അധ്യാപക പരിശീലനങ്ങൾ കഴിയുന്നതും അതത് വിദ്യാലയങ്ങളിൽ തന്നെ നടത്തേണ്ടതാണ്.

2. പരിശീലനത്തിന് ആവശ്യമായ സഹായഫയലുകൾ, വീഡിയോ ട്യൂട്ടോറിയലുകൾ, റിസോഴ്സുകൾ എന്നിവ അധ്യാപകരുടെ സമഗ്ര പോർട്ടലിലെ ലോഗിനിലൂടെ (www.samagra.kite.kerala.gov.in) ആണ് ലഭ്യമാക്കുന്നത്. ഡൗൺലോഡ് ചെയ്ത് സ്വയം പഠനം എന്ന രീതിയിൽ ഇവ പ്രയോജനപ്പെടുത്തേണ്ടതാണ്.

3. പരിശീലനത്തിന് ആവശ്യമായ ലാപ്ടോപ്പുകൾ (ഒരധ്യാപകന് ഒന്ന് എന്ന നിലയിൽ) സ്കൂളുകളിൽ ലഭ്യമല്ലെങ്കിൽ തൊട്ടടുത്ത ഹൈസ്കൂൾ-ഹയർസെക്കന്ററി-വൊക്കേഷണൽ ഹയർസെക്കന്ററി സ്കൂൾ എന്നിവിടങ്ങളിൽ നിന്ന് രസീത് നൽകി വാങ്ങേണ്ടതാണ്. പരിശീലനം തീരുന്നതിന്റെ തൊട്ടടുത്ത ദിവസംതന്നെ ലാപ്ടോപ് തിരികെ എത്തിക്കേണ്ടതുമാണ്.

4. പ്രൈമറി പ്രഥമാധ്യാപകർ രേഖാമൂലം ആവശ്യപ്പെടുന്നതനുസരിച്ച് സൂചന 1 സർക്കാർ ഉത്തരവ് പ്രകാരം കൈറ്റും സ്കൂളും തമ്മിൽ ഒപ്പിട്ട ധാരണാപത്രത്തിലെ വ്യവസ്ഥകൾ അനുസരിച്ച് ഹൈസ്കൂൾ-ഹയർസെക്കന്ററി-വൊക്കേഷണൽ ഹയർ സെക്കന്ററി പ്രഥമാധ്യാപകർ രസീത് വാങ്ങി ലാപ്ടോപ്പുകൾ ലഭ്യമാക്കേണ്ടതാണ്.

5. ലാബുകളിൽ അധ്യാപകർ ഒരുമിച്ചിരിക്കുന്നതിന് പകരം ആവശ്യമെങ്കിൽ പ്രത്യേകം പ്രത്യേകം ഇരിക്കാവുന്നതാണ്. ലാപ്ടോപ്പ് ഉൾപ്പെടെയുള്ള ഉപകരണങ്ങൾ ഉപയോഗിക്കുമ്പോഴും പരിശീലനത്തിൽ പങ്കെടുക്കുമ്പോഴും ആവശ്യമായ ശുചിത്വ മുൻകരുതലുകൾ എടുക്കേണ്ടതാണ്.

6. ഓരോ ദിവസവും പരിശീലനം പൂർത്തിയാക്കുമ്പോൾ മൊഡ്യൂളിൽ നിർദ്ദേശിച്ച ഉൽപ്പന്നം തയ്യാറാക്കി ഡിജിറ്റൽ രൂപത്തിൽ പ്രഥമാധ്യാപകർക്ക് നൽകുകയും അവ പരിശോധനയ്ക്ക് വിധേയമാക്കാനായി പ്രഥമാധ്യാപകർ സൂക്ഷിച്ച് വെക്കേണ്ടതുമാണ്.

7. പരിശീലനത്തിന് മുന്നോടിയായി പ്രഥമാധ്യാപകർ 'സമഗ്ര' ഡിജിറ്റൽ വിഭവ പോർട്ടലിൽ ലോഗിൻ ചെയ്ത് സ്കൂളിലെ എല്ലാ അധ്യാപകരുടെയും രജിസ്ട്രേഷൻ പൂർത്തിയാക്കേണ്ടതാണ്. (അതിനായി 'സമഗ്ര'യിൽ ലോഗിൻ ചെയ്യുമ്പോൾ ലഭിക്കുന്ന ഡാഷ് ബോർഡിലെ ***Basic ICT Training for Primary Teachers 2020 March*** എന്ന ലിങ്കിൽ ക്ലിക് ചെയ്ത് രജിസ്ട്രേഷൻ നടത്താവുന്നതാണ്. പരിശീലന ദിവസങ്ങളിൽ ഹാജർ, ഉൽപ്പന്നങ്ങൾ തയ്യാറാക്കി നൽകിയിട്ടുണ്ടോ തുടങ്ങിയ കാര്യങ്ങൾ പ്രസ്തുത പോർട്ടലിൽ രേഖപ്പെടുത്തേണ്ടതും പരിശീലനത്തിനു ശേഷം കൺഫേം ചെയ്യേണ്ടതുമാണ്.

8. പ്രൈമറി സ്കൂൾ ഐ.ടി. കോ-ഓർഡിനേറ്റർമാരെ (PSITC) ഉൾപ്പെടുത്തി ഓൺലൈൻ ഗ്രൂപ്പുകൾ ക്രമീകരിക്കുകയും ഈ ഗ്രൂപ്പുകൾ വഴി മാസ്റ്റർട്രെയിനർമാർ സംശയനിവാരണം വരുത്തേണ്ടതുമാണ്. മാസ്റ്റർ ട്രെയിനർമാർ പരിശീലനം നടക്കുന്ന വിദ്യാലയങ്ങൾ സന്ദർശിക്കേണ്ടതും ആവശ്യമായ നിർദ്ദേശങ്ങൾ നൽകേണ്ടതുമാണ്.

9. പരിശീലന രീതി, രജിസ്ട്രേഷൻ തുടങ്ങിയ കാര്യങ്ങളെ സംബന്ധിച്ച സംശയ നിവാരണത്തിന് സമഗ്രയിലെ പ്രഥമാധ്യാപകരുടെ ലോഗിനിൽ ലഭ്യമാക്കിയിട്ടുള്ള വീഡിയോ ട്യൂട്ടോറിയൽ പ്രയോജനപ്പെടുത്തേണ്ടതാണ്.

10. പരിശീലനത്തിനാവശ്യമായ റിസോഴ്സുകൾ ഡൗൺലോഡ് ചെയ്യാൻ സ്കൂളിൽ ലഭ്യമായ ബ്രോഡ്ബാന്റ് ഇന്റർനെറ്റ് സംവിധാനം പ്രയോജനപ്പെടുത്തേണ്ടതാണ് (ആവശ്യമെങ്കിൽ അധ്യാപകർക്ക് സ്വന്തം മൊബൈൽ ഫോൺ ഉൾപ്പെടെയുള്ളവ പരിശീലനത്തിന് ഉപയോഗിക്കാവുന്നതാണ്).

11. സൂചന 4-ലെ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ സർക്കുലറിൽ വ്യക്തമാക്കിയപോലെ മുപ്പതു മണിക്കൂർ പരിശീലനത്തിന്റെ തുടർച്ചയായാണ് അവധിക്കാല പരിശീലനം ക്രമീകരിക്കുന്നത്. അവധിക്കാല പരിശീലനത്തിന്റെ ആദ്യ ദിനത്തിൽ ഓൺലൈൻ പരിശീലനത്തിന്റെ വിലയിരുത്തൽ പ്രീ-ടെസ്റ്റ് ആയി നടത്തുന്നതിനാൽ അവധിക്കാല പരിശീലനത്തിൽ പങ്കെടുക്കുന്നവർ ഈ ഓൺലൈൻ പരിശീലനം പൂർത്തിയാക്കേണ്ടതാണ്.

പൊതു പരീക്ഷാ ചുമതലയുള്ള പ്രൈമറി-അപ്പർ പ്രൈമറി സ്കൂൾ അധ്യാപകർക്ക് പിന്നീട് പരിശീലനത്തിന് പ്രത്യേക സംവിധാനം ഒരുക്കുന്നതാണ്. പരിശീലനത്തിനാവശ്യമായ സഹായക പരിപാടികൾ കൈറ്റ് വിക്ടേഴ്സ് ചാനലിലും (www.victers.kite.kerala.gov.in) ഈ ദിവസങ്ങളിൽ പ്രത്യേക സംപ്രേഷണം ഉണ്ടായിരിക്കുന്നതാണ്.

**കെ. അൻവർ സാദത്ത്**
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ

എല്ലാ ജില്ലാ കോ-ഓർഡിനേറ്റർമാർക്കും.
എല്ലാ സർക്കാർ, എയിഡഡ്, അംഗീകൃത അൺ എയ്ഡഡ് സ്കൂൾ പ്രഥമാധ്യാപകർക്കും-ജില്ലാ കോർഡിനേറ്റർ മുഖേന

പകർപ്പ്:

പൊതുവിദ്യാഭ്യാസ ഡയറക്ടർ (അറിവിലേയ്ക്ക്)
എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർ/ഡയറ്റ് പ്രിൻസിപ്പൽ/ജില്ലാ വിദ്യാഭ്യാസ ഓഫീസർ/
ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും - ഔദ്യോഗിക വെബ്സൈറ്റ് മുഖേന
അക്കാദമിക്/അക്കൗണ്ട്സ് വിഭാഗം/സ്റ്റോക് ഫയൽ